# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 7932

16.07.2014 ൽ മറുപടിയ്ക്ക്

## പ്രയാർ കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ ബാങ്കുകളിലെ ഗോൾഡ് അപ്രൈസർമാർക്ക് മാസശമ്പളം നൽകുന്നുണ്ടോ; | (എ) 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ അനുബന്ധം III ലെ വ്യവസ്ഥകൾക്കനുസൃതമായി സഹകരണ ബാങ്കിലെ ഫീഡർ കാറ്റഗറി ഉപനിബന്ധനയിൽ / റിക്രൂട്ട്മെന്റ് ചട്ടത്തിൽ പ്രതിപാദിക്കുംവിധം അപ്രൈസർ തസ്തികയിൽ നിയമനം നൽകിയിട്ടുള്ള ജീവനക്കാർക്ക് മാസശമ്പളം നൽകുന്നുണ്ട്. എന്നാൽ സഹകരണ ബാങ്കുകളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന അപ്രൈസർമാർക്ക് നൽകിവരുന്ന കമ്മീഷൻ തുകയിൽ നിന്നും 3,000/- രൂപ പ്രതിമാസ വേതനമായി, സർക്കാരിന്റെ 04.07.2012 ലെ സ.ഉ (സാധാ) നം. 360/2012/സഹ നമ്പർ ഉത്തരവ് പ്രകാരം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) സഹകരണ ബാങ്കുകളിലെ സ്ഥിരം ജീവനക്കാരായ അപ്രൈസർമാർക്ക്, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകളാണ് ശമ്പളം നൽകുന്നതിനായുള്ള മാനദണ്ഡങ്ങൾ. കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന താൽക്കാലിക ജീവനക്കാർക്ക് മാത്രമായി പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ച് നൽകിയിട്ടില്ല. |

| | |
|---|---|
| (സി) ബാങ്ക് ഈടാക്കുന്ന അപ്രൈസർ ചാർജിന്റെ എത്ര ശതമാനമാണ് ഇവർക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) സഹകരണ ബാങ്കുകളിലെ സ്ഥിരം ജീവനക്കാരായ അപ്രൈസർമാർക്ക് ശമ്പളം നൽകുന്നതും കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന അപ്രൈസർമാർക്ക് കമ്മീഷൻ തുക നിശ്ചയിച്ച് നൽകി വരുന്നതും ബാങ്ക് ഈടാക്കുന്ന അപ്രൈസർ ചാർജിന്റെ അടിസ്ഥാനത്തിലല്ല. |
| (ഡി) അപ്രൈസർമാരുടെ നിയമനം, സേവന വ്യവസ്ഥകൾ എന്നിവ പഠിക്കാൻ നിയോഗിച്ച പ്രയാർ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (ഡി) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ നിക്ഷേപ/വായ്പ പിരിവുകാരുടെയും ഗോൾഡ് അപ്രൈസർമാരുടെയും വിവിധ ആവശ്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ, ഡോ. ശൂരനാട് രാജശേഖരൻ, ഡോ. എസ്. രവീന്ദ്രൻ, ശ്രീ. കെ.വി. സുരേഷ് ബാബു എന്നീ അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാരിന്റെ 28.02.2013 ലെ സ.ഉ (സാധാ) നം. 138/2013/സഹ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് സർക്കാരിന്റെ 22.10.2013 ലെ സ.ഉ (സാധാ) നം. 666/2013/സഹ നമ്പർ ഉത്തരവ് പ്രകാരം ശ്രീ. പ്രയാർ ഗോപാലകൃഷ്ണന് പകരം അഡ്വ. പി.എം. സുരേഷ് ബാബുവിനെ ടി കമ്മിറ്റിയുടെ ചെയർമാനായി നിയമിക്കുകയുണ്ടായി. ടി കമ്മിറ്റി, റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുന്നോടിയായി മേഖലാതല തെളിവെടുപ്പ് സിറ്റിംഗ് നടത്തി വരുന്നു. |
| (ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇത് വൈകുന്നതെന്ന് വിശദമാക്കാമോ? | (ഇ) സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചുവരുന്ന നിക്ഷേപ/വായ്പാ പിരിവുകാരുടെയും ഗോൾഡ് അപ്രൈസർമാരുടെയും എണ്ണം, അവരുടെ വിദ്യാഭ്യാസ യോഗ്യത, അവർക്ക് ലഭിക്കുന്ന വേതനം/കമ്മീഷൻ, പ്രതിദിന നിക്ഷേപം/വായ്പ കളക്ഷൻ, പെൻഷൻ ബോർഡ്, ക്ഷേമനിധി ബോർഡ് എന്നിവയിലെ അംഗത്വം തുടങ്ങിയ വിവരങ്ങൾ ശേഖരിക്കുകയും പഠന കമ്മിറ്റിയുടെ മീറ്റിംഗുകൾക്കുപരിയായി നിക്ഷേപ/വായ്പാ പിരിവുകാരുടെയും ഗോൾഡ് അപ്രൈസർമാരുടെയും സംഘടനാ പ്രതിനിധികളുമായി തിരുവനന്തപുരത്ത് വച്ച് യോഗം ചേരുകയും സംസ്ഥാന സഹകരണ |

ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കിന്റെയും പ്രസിഡന്റുമാരുമായുള്ള യോഗം ചേരുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പഠന കമ്മിറ്റിയുടെ തീരുമാന പ്രകാരം രണ്ട് മേഖലാതല തെളിവെടുപ്പ് സിറ്റിംഗുകളും പ്രാഥമിക സംഘങ്ങളുടെയും അർബൻ ബാങ്കുകളുടെയും സംസ്ഥാന തല ഭാരവാഹികളുമായുള്ള മീറ്റിംഗും നടത്തേണ്ടതായുണ്ട്. ഇതിനിടയിൽ പാർലമെന്റ് തെരഞ്ഞെടുപ്പ് നടന്നതിനാൽ മേഖലാതല തെളിവെടുപ്പ് സിറ്റിംഗുകൾ യഥാസമയം നടത്തുവാൻ കഴിയാതെ വന്നതിനാലാണ് റിപ്പോർട്ട് സമർപ്പിക്കുവാൻ കാലതാമസം വന്നിട്ടുള്ളത്.

സെക്ഷൻ ഓഫീസർ